





**തിരുവിതാംകൂർ കൃഷി വ്യവസായമാസിക (ദി ട്രാവൻകൂർ ഇക്കണോമിക് ജേണൽ) 1936, 1937 കാലങ്ങളിലെ പത്തു പതിപ്പുകളാണ് ആകെ ലഭ്യമായിട്ടുള്ളത്.**

# തിരുവിതാംകൂറിന്റെ കൃഷി വ്യവസായ മാസികയുടെ കഥ

ഭൂതകാല വിനിമയത്തിൽ കേരളം എത്രത്തോളം നീതി പുലർത്തുന്നുവെന്ന് പരിശോധിക്കുമ്പോൾ മറവിയുടെയും ഒഴിവാക്കലിന്റെയും ചിത്രം നാം അറിയുന്ന ചരിത്രത്തെക്കാൾ കൂടുതൽ ആണെന്ന് വ്യക്തമാവും ഓർമ്മ, ചരിത്രം, മറവി ഇവയെല്ലാം പരസ്പരബന്ധിതമായ അനുഭവലോകങ്ങളാണ്. ഓർമ്മയുടെയും മറവിയുടെയും കാര്യകാരണ ബന്ധം പരിശോധിക്കുമ്പോൾ അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയം തെളിയും. ആർകൈവ്സും മ്യൂസിയങ്ങളും നമ്മുടെ മറവിയെയും അജ്ഞതയെയും കാക്കുന്നയിടങ്ങളാണ്. ഓർമ്മയുടെയും അറിവിന്റെയും പരിമിതിയെ ബോധ്യപ്പെടുത്തുന്നതോടൊപ്പം ഭൂതകാലവിനിമയം സാധ്യമാക്കുന്ന ഇടങ്ങളുമാണ്



അവ. ഡിജിറ്റൽ കാലത്ത് ഡിജിറ്റൽ ആർകൈവ്സ് യാഥാർഥ്യമായിട്ടുണ്ട്. ചരിത്രത്തെ ഡിജിറ്റൽ വാർത്തമാനകാലമാക്കി പുനരവതരിപ്പിക്കുന്ന ഷിജു അലക്സിന്റെ ശ്രമങ്ങളോട് മലയാളികളായ എല്ലാവരും കടപ്പെട്ടിരിക്കുന്നു. വിസ്മൃതിയിലാണ്ടുപോയ ഉപാദാനങ്ങളെ തേടിപ്പിടിച്ചു സ്കാൻ ചെയ്ത് പൊതു സഞ്ചയമാക്കി ലഭ്യമാക്കുന്ന ഷിജു അലക്സിന്റെ പൊതുസഞ്ചയ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഗവേഷണ പ്രാധാന്യം ചെറുതല്ല.

"കേരളവും മലയാളവുമായി ബന്ധപ്പെട്ട പൊതുസഞ്ചയ രേഖകളുടെ ഡിജിറ്റൈസേഷൻ" എന്ന പദ്ധതിയാണ് ഷിജു യാഥാർഥ്യമാക്കിയിരിക്കുന്നത്. കേരളവുമായി ബന്ധപ്പെട്ട പൊതുസഞ്ചയത്തിലോ സ്വതന്ത്രലൈസൻസിൽ ഉള്ളതോ ആയ രേഖകളുടെ സ്കാനുകൾഡൗൺലോഡ് ചെയ്യാനുള്ള കണ്ണികളും അനുബന്ധവിവരങ്ങളും ആണ് തന്റെ ബ്ലോഗിൽ ശേഖരിച്ച് ക്രോഡീകരിച്ചിരിക്കുന്നത്. മലയാള ഭാഷയ്ക്കുവേണ്ടി കാലോചിതമായ സേവനം ചെയ്യുന്ന ഷിജുവിനെ അഭിനന്ദിക്കുന്നതിനോടൊപ്പം '1960 നു മുൻപ് അച്ചടിച്ച ഒരു പുസ്തകമോ മാസികയോ അതിന്റെ സ്കാൻ കോപ്പിയോ നിങ്ങളുടെ കയ്യിൽ ഉണ്ടെങ്കിൽ ദയവായി shijualexonline@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക. എന്ന ഷിജുവിന്റെ അഭ്യർത്ഥനയും മാനിച്ചുവേണ്ട സഹകരണം ഉറപ്പു വരുത്തേണ്ടത് ഓരോ മലയാളിയുടെയും ഉത്തരവാദിത്തമാണ്. ഷിജു തയ്യാറാക്കി ലോക ഡിജിറ്റൽ ആർകൈവിൽ https://archive.org/details/keralaperiodicals ലഭ്യമാക്കിയിട്ടുള്ള പ്രസിദ്ധികരണങ്ങളിൽ നിന്ന് വിസ്മരിക്കപ്പെട്ട ഒരു മാസിക പരിചയപെടുത്തുകയാണിവിടെ.

## തിരുവിതാംകൂർ കൃഷി വ്യവസായമാസിക

തിരുവിതാംകൂർ ഗവൺമെന്റ് ഇക്കണോമിക് ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ 777 –നമ്പർ സമസ്ത തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധികരിച്ചിരുന്നതാണിത്. തിരുവിതാംകൂർ കൃഷി വ്യവസായമാസിക (ദി ട്രാവൻകൂർ



**ആനി മസ്ക്രീൻ**

> തിരുവിതാംകൂർ സർക്കാർ എൺപതോളംകൊല്ലം മുമ്പ് പ്രസിദ്ധീകരിച്ച മാസികയാണ് തിരുവിതാംകൂർ കൃഷി വ്യവസായിക മാസിക. ഗ്രാമീണ ജീവിതത്തോടൊപ്പം വ്യവസായിക പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ടുള്ള തിരുവിതാംകൂർ സർക്കാരിന്റെ പ്രവർത്തന രേഖയായി ഈ പ്രസിദ്ധീകരണം നിലനിന്നതായാണ് മനസിലാക്കുന്നത്. ഷിജു അലക്സ് എന്ന ചെറുപ്പക്കാരൻ ഒരുക്കിയ ഡിജിറ്റൽ ആർക്കൈവിൽ ഈ മാസികയുടെ പഴയലക്കങ്ങൾ വായിക്കാം

ഇക്കണോമിക് ജേണൽ)യുടെ 1936, 1937 കാലങ്ങളിലെ പത്തു പതിപ്പുകളാണ് ആകെ ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ളവ ഏതെങ്കിലും വ്യക്തികളുടെയോ ഗ്രന്ഥശാലകളുടെയോ പക്കലുണ്ടെങ്കിൽ അവയും ഈ പൊതുസഞ്ചയത്തിന്റെ ഭാഗമാക്കേണ്ടതാണ്. ഈ ജേണൽ എന്നുമുതലാണ് ആരംഭിച്ചതെന്നോ എന്നുവരെ പ്രസിദ്ധീകരിച്ചുവെന്നോ ആകെ ലക്കങ്ങൾ എത്രയെന്നോ തത്ക്കാലം പറയാനവുന്നില്ല. ഡിജിറ്റൽ ആർകൈവിൽ ലഭ്യമായിട്ടുള്ളത് പത്തെണ്ണമാണ്. കെ. ചന്ദ്രൻ ഗോവ സർവകലാശാലയിൽ സമർപ്പിച്ച വർക്കിങ്ങ് ക്ലാസ്മൂവ്മെന്റ് ഇൻ ട്രാവൻകൂർ (1922 –1949) എന്ന ഗവേഷണപ്രബന്ധത്തിൽ 1940 ലും (7, 8 ലക്കങ്ങൾ) 1941 ലും (ഒക്ടോബർലക്കം) ഈ ജേണൽ പരമർശിച്ചുകണ്ടു. മറ്റു വിവരങ്ങളൊന്നും ലഭ്യമല്ല. ആദ്യകാല മാസികകൾ പോലും പ്രസിദ്ധീകരണചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. ഈ മാസിക അത്തരത്തിലുള്ള ഒരു രേഖാസഞ്ചയത്തിന്റേയും ഭാഗമായിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ സാമൂഹിക ശാസ്ത്രത്തിലെ ആദ്യ മലയാള മാസികയാണോ ഇതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമസ്ത തിരുവിതാംകൂർ പരസ്പര സഹായ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരുന്ന മറ്റൊരു മാസികയാണ് തിരുവിതാംകൂർ പരസ്പര സഹായ മാസിക സഹകരണ സംബന്ധമായ വിഷയങ്ങളാണ് ഇതിന്റെ പ്രമേയം. ഒരുകോപ്പിയും ഡിജിറ്റൽ ആർകൈവിൽ ലഭ്യമല്ല.

തിരുവിതാംകൂറിൽ 1918 ൽ വ്യവസായവകുപ്പ് സ്ഥാപിതമായി. 1920–1921ൽ ഇക്കണോമിക് ഡെവലപ്മെന്റ് ബോർഡ് രൂപീകരിച്ചു. സാമ്പത്തികസ്രോതസ് വികസനം, പുതിയ വ്യവസായങ്ങൾ ആരംഭിക്കുക, നിലവിലുള്ള വ്യവസായങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളായിരുന്നു ബോർഡ് രൂപീകരണത്തിന് പിന്നിലുണ്ടായിരുന്നത്. വ്യവസായ വകുപ്പ് നേതൃത്വം ഡോ.എസ്. ബേക്കർ ഏറ്റെടുത്തു. ഇക്കണോമിക് ഡെവലപ്മെന്റ് ബോർഡ് ശുപാർശ ചെയ്ത പദ്ധതികൾ അദ്ദേഹം നടപ്പിലാക്കിയതോടെ തിരുവിതാംകൂറിന്റെ വ്യവസായ കാലാവസ്ഥതന്നെ മാറി. 1922–1935 കാലത്താണ് കൊളോണിയൽ ഇന്ത്യയിൽ പൊതുവിൽ വ്യവസായ പുരോഗതി ഉണ്ടായത്. തിരുവിതാംകൂറും വ്യാവസായിക പുരോഗതി കൈവരിച്ചത് ഇതിന്റെ ഭാഗമായാണ്.

(1938–1939 കാലഘട്ടങ്ങളിലെ തിരുവിതാംകൂർ ഡയറക്ടറിയിലെ വിവരങ്ങളനുസരിച്ച് 29 അംഗ

ങ്ങൾ ഇക്കണോമിക് ഡെവലപ്മെന്റ് ബോർഡിലുണ്ട്. എക്സ് ഓഫിഷ്യോ അംഗങ്ങളായി ലാൻഡ് റവന്യൂ ആൻഡ് ഇൻകം ടാക്സ് കമ്മിഷണർ അധ്യക്ഷനായ ഈ സമിതിയിൽ കൺസേർവേറ്റർ ഒഫ് ഫോറെസ്റ്റ്സ്, എക്സൈസ് കമ്മീഷണർ, ഹിസ്റ്ററി പ്രൊഫസർ, ഫിനാൻഷ്യൽസെക്രട്ടറി, ഡെവലപ്മെന്റ് സെക്രട്ടറി, ഇൻഡസ്ട്രീസ് ഡയറക്ടർ, ഡയറക്ടർ പബ്ലിക് ഹെൽത്ത്, രജിസ്ട്രാർ ഒഫ് കോപ്പറേറ്റീവ് സൊസൈറ്റീസ്, ഡയറക്ടർ അഗ്രിക്കൾച്ചർ ആൻഡ് ഫിഷറീസ് എന്നിവരും ശ്രീമൂലം അസംബ്ലി അംഗങ്ങളും ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ പ്രതിനിധികളും വ്യവസായ പ്രതിനിധികളും തിരുവിതാംകൂർ ലാറ്റിൻ ക്രിസ്ത്യൻ മഹാജന സഭാസെക്രട്ടറിയും തിരുവിതാംകൂർ കേരകർഷക പ്രസിഡന്റും ഉൾപ്പടെ 29 പേർ അംഗങ്ങളാണ്. മിസ് ആനി മസ്ക്രീൻ തിരുവിതാംകൂർലാറ്റിൻ ക്രിസ്ത്യൻ മഹാജനസഭാ സെക്രട്ടറിയായതുകൊണ്ട് ഈ ബോർഡിൽ അംഗമായിരുന്നു).

പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, പായ നെയ്ത്തുതുടങ്ങിയുള്ള അസംഘടിത മേഖലകളായിരുന്നു തിരുവിതാകൂറിന് തനതായുണ്ടായിരുന്നത്. 1934 –1944 കാലഘട്ടം തിരുവിതാംകൂറിന്റെ വ്യാവസായിക പുരോഗതിയിൽ നിർണായകമായിരുന്നു. തിരുവിതാംകൂർ റബ്ബർ വർക്സ്, ശ്രീചിത്രാമിൽസ്, സെറാമിക്സ് ഫാക്ടറി, ഇന്ത്യൻ അലുമിനിയം കമ്പനി, തിരുവിതാംകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ഗ്ലാസ്സ് നിർമ്മാണ കമ്പനി, ട്രാവൻകൂർ റയോൺസ് എന്നിങ്ങനെ ഒട്ടനവധി സംരഭങ്ങൾ കേരളത്തിൽ ആരംഭിച്ചത് ഇക്കാലത്താണ്.

സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിലെ വ്യവസായികവൽക്കരണത്തിൽ നിർണായകമായ പങ്ക് വഹിച്ചിരുന്നുവെന്നത് സുവിദിതമാണ്. തിരുവിതാംകൂറിന്റെ കാർഷിക വ്യാവസായിക പുരോഗതി നിർണയിച്ച ആധുനിക പശ്ചാത്തലത്തിലാണ് ഈ മാസികയുടെ പിറവി എന്നതും അക്കാലത്തെ വികസന വിനിമയത്തെ സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നതുമാണ് ഈ പ്രസിദ്ധീകരണത്തെ പ്രസക്തമാക്കുന്നത്.

ഔദ്യോഗിക പ്രസിദ്ധീകരണമായതുകൊണ്ടുതന്നെ അന്നത്തെ നയപരിപാടികൾ മനസിലാക്കാനും ഏറെ സഹായകമാണ്. കൂടാതെ എന്തൊക്കെയാണ് വികസനവുമായി ബന്ധപെട്ടു ജനങ്ങൾ അറിയേണ്ടതെന്നുള്ള സർക്കാർ നയവും ഇതിൽ പ്രകടമാകുന്നു. ഇങ്ങനെ പലതുകൊണ്ടും ചരിത്ര പ്രാധാന്യം അർഹിക്കുന്ന രേഖകളാണിവ.

**ഉള്ളടക്കപരിശോധന**

കാർഷിക വ്യവസായികാപ്രാധാന്യമുള്ള ലേഖനങ്ങൾ, വികസനവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ പ്രസംഗങ്ങൾ, വാർത്തകൾ, പത്രകുറിപ്പുകൾ എന്നിവയെല്ലാം ലക്കങ്ങളിൽ ഉൾപ്പെടുന്നു. കെ.രാഘവൻ പിള്ളയും കെ.ആർ. നാരായണപിള്ളയും എഡിറ്റു ചെയ്ത ലക്കങ്ങളാണ് ലഭിച്ചിട്ടുള്ളത്. കൊല്ലം–തിരുവനന്തപുരത്തെ ശ്രീരാമവിലാസം, റെഡ്ഢിയാർ പ്രസ് എന്നിവിടങ്ങളിലാണ് അച്ചടിനടന്നിരിക്കുന്നത്. 1936 കാലത്തേ നാലും (7,10,11,12) ബാക്കിയുള്ള 6 ലക്കങ്ങൾ (1,2,3,4,5,6) 1937 ലേതുമാണ് ലഭിച്ചിട്ടുള്ളത്. പല ലേഖനങ്ങളും പരമ്പരയായി പ്രസിദ്ധീകരിച്ചു. ഗ്രാമോദ്ധാരണത്തിന് ഏറെ മുൻഗണന നല്കിയിട്ടുണ്ട് തിരുവിതാംകൂറിന് ഒരു ഗ്രാമോദ്ധാരണപദ്ധതി (ജിആർപിള്ള), തിരുവിതാംകൂർ ഗ്രാമപഞ്ചായത്ത് റെഗുലേഷൻ, തിരുവിതാംകൂർ കർഷക വിമോചന റെഗുലേഷൻ ഗ്രാമോദ്ധാരണത്തെക്കുറിച്ചുള്ള പല ലേഖനങ്ങൾ (ജി.ആർ.തങ്കമണി, ശൂരനാട് കുഞ്ഞൻപിള്ള, എം.വി നാരായണപിള്ള), കാർഷിക സംബന്ധമായി വിവിധ കൃഷികളെക്കുറിച്ചും (തെങ്ങ് നെല്ല്, കൂവരക്, കരിമ്പ്, റബ്ബർ, ഏത്തവാഴ, കാപ്പി, കരിമ്പന, സോയ, പുകയില കരയാമ്പൂ, ചെമ്പന) കാർഷിക രോഗങ്ങളെയും പ്രതിവിധിയെക്കുറിച്ചും, വളങ്ങൾവളപ്രയോഗം കർഷകപ്രശ്നങ്ങളും പരിഹാരങ്ങളും തിരുവിതാംകൂർ കർഷക കൂട്ടുമെമോറാണ്ടം, കാർഷിക സംഘടനകളെക്കുറിച്ചും കാർഷിക യന്ത്രങ്ങളെക്കുറിച്ചുമെല്ലാം വിവരിക്കുന്നു. താമരയുടെ ദിവ്യത്വത്തെക്കുറിച്ചുള്ള എ.ഒ ജോസെഫിന്റെ വിജ്ഞാനപ്രദമായ ലേഖനം താമരക്കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതാണ്. കൃഷിവായ്പകൾ, കർഷകരുടെ ഉദ്ധാരണം പുഞ്ചകൃഷിക്കാരുടെ ദുരിതങ്ങളും തിരുവിതാംകൂറിലെ കാർഷികവൃത്തി പരാജയകരണങ്ങളും പരിഹാരമാർഗങ്ങളും, കർഷകരുടെ അഭിവൃദ്ധിമാർഗങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതോടൊപ്പം ഡെന്മാർക്കിന്റെ കാർഷിക മാതൃകയും അവതരിപ്പിക്കുന്നു. തിരുവിതാംകൂറിലെ നിരോധിത കൃഷിയായ. പുകയിലയെ സംബന്ധിച്ചുള്ള ശ്രീമൂലം അസംബ്ളിയിലെ പ്രമേയം, കാർഷിക ബോർഡ് നിർദേശങ്ങൾ മാർക്കറ്റിങ് സംഘങ്ങൾ എന്നിങ്ങനെ കാർഷിക വ്യവസായവുമായി ചേർന്നുനിൽക്കുന്ന ഒട്ടേറെ വിവരങ്ങൾ ഇതിൽ ലഭ്യമാണ്.




**ഷിജു അലക്സിന്റെ ബ്ലോഗ്**

കന്നുകാലി വളർത്താൽ, കോഴിവളർത്തൽ തേനിച്ച വളർത്തൽ മത്സ്യകൃഷി എന്നിങ്ങനെ വ്യവസായിക പ്രാധാന്യമുള്ള ഒട്ടേറെ വിഷയങ്ങൾ വിസ്തരിച്ചിട്ടുള്ള ലേഖനങ്ങളും വാർത്തകളും കാണാം.

മൃഗചികത്സയും കന്നുകാലി സമ്മേളനത്തെക്കുറിച്ചുള്ള വാർത്തയും ഉണ്ട്. തേൻവ്യവസായവും. അരക്കു വ്യവസായവും മുട്ടക്കച്ചവടത്തിലെ നവീന പ്രവണതകളും, കുടിൽ വ്യവസായത്തിലെ പ്രശ്നങ്ങളും അഭിവൃദ്ധി പദ്ധതികളും കയർ വ്യവസായം തുടങ്ങി പരമ്പരാഗത വ്യവസായങ്ങളുടെ ഉദ്ധാരണ പദ്ധതികൾ കൃഷിവ്യവസായസാധ്യതകൾ എന്നിവയും വിപുലമായി വിഷയമാകുന്നുണ്ട്. നസ്രാണി ദിപികയിൽ വന്ന കടലാസ് വ്യവസായത്തെക്കുറിച്ചുള്ള കുറിപ്പും നൽകിയിട്ടുണ്ട്.



**സർ സി. പി. രാമസ്വാമി**

**ശ്രീചിത്രാ മിൽസിന്റെ ശിലാസ്ഥാപനം നിർവഹിച്ചുകൊണ്ടു ദിവാൻ സർ സി.പി.രാമസ്വാമിഅയ്യർ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്തരൂപവും കാണാം. വ്യവസായ അഭിവൃദ്ധിക്കായി വിദേശ മൂലധനം സ്വീകരിക്കുന്നതിനെ കുറിച്ചുള്ള നയം അദ്ദേഹം വ്യക്തമാക്കുന്നു. വിദേശ മൂലധനം സ്വദേശീയ പരിശ്രമത്തെ ശ്വാസം മുട്ടിക്കുമെങ്കിൽ അത് അനർത്ഥകമായിരിക്കും.**

ശ്രീചിത്രാ മിൽസിന്റെ ശിലാസ്ഥാപനം നിർവഹിച്ചുകൊണ്ടു ദിവാൻ സർ സി.പി.രാമസ്വാമിഅയ്യർ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്തരൂപവും കാണാം. വ്യവസായ അഭിവൃദ്ധിക്കായി വിദേശ മൂലധനം സ്വീകരിക്കുന്നതിനെ കുറിച്ചുള്ള നയം അദ്ദേഹം വ്യക്തമാക്കുന്നു. വിദേശ മൂലധനം സ്വദേശീയ പരിശ്രമത്തെ ശ്വാസം മുട്ടിക്കുമെങ്കിൽ അത് അനർത്ഥകമായിരിക്കും. എന്നാൽ തദ്ദേശീയ മൂലധനത്തിന് പ്രബുദ്ധതയോ സന്നദ്ധതയോ ഇല്ലാതെയും വ്യവസായ ഉദ്ധാരണത്തെ നയിക്കാൻ അപ്രാപ്തമായി കാണപ്പെടുകയും ചെയ്യുമ്പോൾ രാജ്യത്തിന്റെ പരിപോഷണത്തിനായി വിദേശ മൂലധനത്തെ വിനിയോഗിക്കാൻ സന്ദേഹിക്കുന്നതെന്തിന്? എന്ന് ചോദിച്ചുകൊണ്ട് ജപ്പാൻ കൈവരിച്ച വികസന വിജയം ഉദാഹരിച്ചു വിദേശമൂലധനം ആകാമെന്നുറപ്പിച്ചു. യാതൊരു ദുരുദ്ദേശങ്ങളും പിന്നിലില്ലാത്തതും രണ്ടുകൂട്ടർക്കും ഒരുദ്യമത്തിൽ സഹകരിക്കണമെന്ന മനോഭാവത്തോടെ വരുന്നതുമായ സഹായങ്ങൾ സ്വാഗതം ചെയ്യാമെന്നും അത്തരം സന്ദർഭങ്ങളിൽ അവർ നമ്മുടെ യജമാനന്മാരല്ല പങ്കാളികൾ മാത്രമായിരിക്കുമെന്നതുമാണ് വിദേശമൂലധനം സ്വീകരിക്കുന്നതിന്റെ നിബന്ധനയായി ദിവാൻ നയം വ്യക്തമാക്കിയത്.

ശ്രീചിത്രാ അഖിലേന്ത്യ പ്രദർശനം ഉത്ഘാടനം ചെയ്തുകൊണ്ടുള്ള മദ്രാസ് ഗവർണർ ആയിരുന്ന എഴ്സ്റ്റൻ പ്രഭുവിന്റെ പ്രസംഗവും നൽകിയിട്ടുണ്ട്. ശ്രീചിത്രാ അഖിലേന്ത്യ പ്രദർശനത്തിന്റെ പ്രദർശനരൂപരേഖയും കാണാവുന്നതാണ്. കൃഷി, ഉദ്യാനപാലനം, വളങ്ങൾ, ജീവജന്തുക്കൾ, ക്ഷീരവ്യവസായം, കോഴിക്കൃഷി, പട്ടുനൂൽ വ്യവസായം, മത്സ്യവ്യവസായം, വാനശാസ്ത്രം, ധാതുക്കളും, ശിലകളും, കൈത്തൊഴിലുകൾ, ലോഹപ്പണികൾ, മരപ്പണി, തുകൽവ്യവസായം,രസതന്ത്ര സംബന്ധമായ വ്യവസായം, തെങ്ങും ചുണ്ടപ്പനയും സംബന്ധമായ വ്യവസായം, മരുന്നുശാലകളിൽ തയ്യാറാക്കുന്ന മരുന്നുകളും ആയുർവേദ ഔഷധങ്ങളും കൃഷിയുൾപ്പടെയുള്ള ആവശ്യങ്ങൾക്കുള്ള യന്ത്രസാമഗ്രികൾ, പൊതുജനാരോഗ്യവും ശുചീകരണവും ചരിത്രവും പുരാവസ്തുസംരക്ഷണവും കോമളകലകൾ, ചിത്രമെഴുത്ത്, ശില്പവേല എന്നിങ്ങനെ ഭിന്നമേഖലകളുമായി ബന്ധപ്പെട്ട പ്രദർശനമാണിതെന്ന് വെളിപ്പെടുന്നുണ്ട്. ദക്ഷിണ ഇന്ത്യയിൽ ആദ്യമായി നടന്ന വിപുലമായ പ്രദർശനമാണിതെന്ന് എഴ്സ്റ്റൻ പ്രഭു അഭിപ്രായപ്പെട്ടു.

ചിട്ടികളും തിരുവിതാംകൂറുമായുള്ള ബന്ധം വിശദമാക്കുന്നതാണ് എൻ.കെ.കൃഷ്ണപിള്ളയുടെ ലേഖനം. പ്രതിദിനചിട്ടി, പ്രതിവാരച്ചിട്ടി, ദൈവാരച്ചിട്ടി, പ്രതിമാ



ചുരുക്കത്തിൽ ഗ്രാമീണ ജീവിതത്തോടൊപ്പം വ്യവസായിക പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ടുള്ള തിരുവിതാംകൂർ സർക്കാരിന്റെ പ്രവർത്തന രേഖയായി ഈ പ്രസിദ്ധീകരണം നിലനിന്നതായാണ് മനസിലാക്കുന്നത്.

ഭാഷാപരമായി നോക്കുമ്പോൾ വേണ്ടിടത്തു വിവർത്തനരൂപങ്ങളും ലിപ്യന്തരണ ഇംഗ്ലീഷ് പത്രങ്ങളോടൊപ്പം മലയാള പ്രത്യയങ്ങൾ ചേർത്തുള്ള രൂപങ്ങളും സാധാരണയായി കാണാം. വാക്യഘടനയ്ക്ക് ഭംഗം വരാതെ ആശയങ്ങൾ പ്രകാശിപ്പിക്കാൻ ഉതകുന്ന മലയാളം ഭരണഭാഷയായി പ്രയോജനപ്പെടുത്തിയിരിക്കുന്നു. റെഗുലേഷനുകളിലും ഭരണ റിപ്പോർട്ടിലും ഉപയോഗിച്ചിരിക്കുന്നതുമായ ഭാഷ ഇതിനുതെളിവാണ്. അതായത് ഇക്കാര്യത്തിൽ ഭാഷാസൂത്രണം തിരുവിതാംകൂറിന് ഉണ്ടായിരുന്നുവെന്ന് തെളിയുന്നു.

സ്വാതന്ത്ര്യം നേടുന്നതിന് മുമ്പ് തിരുവിതാംകൂർ കേരളം ഇന്ത്യ എന്നിങ്ങനെയുള്ള ദേശീയതാജ്ഞാനം വികസനത്തിൽ ഉൾക്കൊണ്ടിരുന്നുവെന്നും ഗ്രാമീണ സ്വാശ്രയത്വം നേടാനായുള്ള കാർഷിക വികസനവും പ്രകൃതിവിഭവങ്ങൾക്കനുയോജ്യമായ വ്യവസായികവൽക്കരണം പ്രോത്സാഹിപ്പിക്കനും ശ്രമിച്ചിരുന്നുവെന്ന് ഈ മാസികയുടെ ലക്കങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതോടൊപ്പം തികച്ചും

**ചിട്ടികളും തിരുവിതാംകൂറുമായുള്ള ബന്ധം വിശദമാക്കുന്നതാണ് എൻ. കെ. കൃഷ്ണപിള്ളയുടെ ലേഖനം. പ്രതിദിനചിട്ടി, പ്രതിവാരച്ചിട്ടി, ദ്വൈവാരച്ചിട്ടി, പ്രതിമാസച്ചിട്ടി, ദ്വൈമാസചിട്ടി, ത്രൈമാസച്ചിട്ടി, അർദ്ധവർഷച്ചിട്ടി, പ്രതിവർഷചിട്ടി എന്നിങ്ങനെ വിവിധതരം ചിട്ടികളെ വിവരിക്കുന്നതിനോടൊപ്പം അതിന്റെ തിരുവിതാംകൂറിലെ ചരിത്രവും പ്രാധാന്യവും വെളിപ്പെടുത്തുന്നു.**

സച്ചിട്ടി, ദ്വൈമാസചിട്ടി, ത്രൈമാസച്ചിട്ടി, അർദ്ധവർഷച്ചിട്ടി, പ്രതിവർഷചിട്ടി എന്നിങ്ങനെ വിവിധതരം ചിട്ടികളെ വിവരിക്കുന്നതിനോടൊപ്പം അതിന്റെ തിരുവിതാംകൂറിലെ ചരിത്രവും പ്രാധാന്യവും വെളിപ്പെടുത്തുന്നു. തിരുവിതാംകൂർ വാണിജ്യ മണ്ഡലത്തിന്റെ പ്രവർത്തനവിശേഷങ്ങളും മനസിലാക്കാം. ധനശാസ്ത്രതത്വത്തെക്കുറിച്ച് വിശദമാക്കുന്ന പി.എൻ മൂസത് മനുഷ്യന്റെ ആവശ്യങ്ങളും അവയുടെ നിവൃത്തിയെയും സംബന്ധിക്കുന്ന സാമ്പത്തികശാസ്ത്രസിദ്ധാന്തങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു. സ്വർണവ്യാപാരത്തെക്കുറിച്ചും ഋണനിവാരണപദ്ധതികളെക്കുറിച്ചും വായ്പയെക്കുറിച്ചും ബാങ്കിങ് സൗകര്യങ്ങളെക്കുറിച്ചുമൊക്കെ വിശദമാക്കുന്ന ചില ലേഖനങ്ങളും ഉണ്ട്.

ഗതാഗതം ഗവൺമെന്റ് ഏറ്റെടുക്കുന്ന ഭരണറിപ്പോർട്ടും ഗവൺമെന്റിന്റെ ട്രാൻസ്പോർട് പദ്ധതിയും തിരുവിതാംകൂർ സർവകലാശാലാ രൂപീകരണത്തെകുറിച്ചുള്ള എഡിറ്റോറിയലും ഡെന്മാർക്കിലെ പൊതുജനവിദ്യാലയങ്ങളും കാർഷികമാതൃകയും നയോഗോ പട്ടണത്തിലെ വ്യവസായകേന്ദ്രങ്ങളും ഒക്കെ ഈ പ്രസിദ്ധീകരണത്തിലെ സമ്പന്ന വിഭവങ്ങളാണ്.

അടിസ്ഥാനവിവരങ്ങൾ ശേഖരിച്ചു ഗ്രാമോദ്ധാരണത്തിന് വേണ്ടുന്ന ആസൂത്രണപദ്ധതികൾ ശാസ്ത്രീയമായി ആവിഷ്കരിക്കാൻ തിരുവിതാംകൂർ ഭരണാധികാരികൾ ശ്രമിച്ചിരുന്നുവെന്നും ബോധ്യപ്പെടുന്നു.

തിരുവിതാംകൂർ കൃഷി വ്യവസായമാസികയുടെ എല്ലാ ലക്കങ്ങളും ശേഖരിച്ചു പഠനം നടത്തേണ്ടതുണ്ട്. തിരുവിതാംകൂറിന്റെ കാർഷികവും വ്യവസായികവുമായ മുന്നേറ്റത്തെയും അവസ്ഥയെയും കുറിച്ച് പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ മാസികയെ പ്രയോജനപ്പെടുത്തിയോ കേന്ദ്രീകരിച്ചോ പഠനം ഉണ്ടായിട്ടില്ല.

സാമൂഹിക വിജ്ഞാനത്തിന്റെ മലയാള പ്രസാരണം ചരിത്രപരമായി അടയാളപ്പെടുത്താൻ ഈ മാസിക പ്രധാന ഉപദാനമാണ്. മൺമറഞ്ഞുപോയ ഒരു പ്രസിദ്ധീകരണത്തിന്റെ ചരിത്ര പ്രാധാന്യം ബോധ്യപ്പെടുത്താനും ഷിജു അലക്സിന്റെ ഡിജിറ്റൽ പൊതു സഞ്ചയ നിർമ്മിതിയുടെ ഗവേഷണ പ്രാധാന്യം ബോധ്യപെടുത്താനുമാണ് ഈ ലേഖനത്തിലൂടെ ശ്രമിച്ചത് എന്ന് ചുരുക്കിപ്പറയാം.

**(എം. ശ്രീനാഥൻ: 8129560028)**



SPECIAL OFFER 2020
കലാകൗമുദി
800 രൂപയ്ക്ക് ഒരു വർഷം കലാകൗമുദി
പണമടയ്ക്കാൻ: ഗൂഗിൾ പേ, നെഫ്റ്റ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ്
കലാകൗമുദി വാരിക ഒരു വർഷം തപാലിൽ വരുത്തുവാൻ ആഗ്രഹിക്കുന്നവർ 800 രൂപ അടച്ച് ഈ പദ്ധതിയിൽ ചേരാം.
2020 സെപ്റ്റംബർ ആദ്യ ആഴ്ച മുതൽ ഒരു വർഷം കലാകൗമുദി വാരിക ഇന്ത്യയിലെവിടെയും തപാലിൽ ലഭിക്കും.
ഒറ്റപ്രതിക്ക് 20 രൂപയുള്ള കലാകൗമുദി വാരിക ഒരു വർഷം തപാലിൽ വരുത്തുവാൻ 1040 രൂപയും 104 രൂപ തപാൽ ചാർജും വേണ്ടിവരും. അതായത് 800 രൂപ അടച്ചാൽ 344 രൂപ ലാഭിക്കാം. നാട്ടിലുള്ള ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വേണ്ടി വിദേശമലയാളികൾക്കും ഈ പദ്ധതിയിൽ ചേരാം. ഇതോടൊപ്പം കൂപ്പൺ പൂരിപ്പിച്ച് കലാകൗമുദി പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന പേരിൽ മാറാവുന്ന ഡ്രാഫ്റ്റ്/ചെക്ക് എടുത്ത് അയയ്ക്കുക.
2020 സെപ്റ്റംബർ 20–ാം തീയതിവരെ ലഭിക്കുന്ന കൂപ്പണുകളേ സ്വീകരിക്കുകയുള്ളൂ. കൂപ്പൺ പൂരിപ്പിച്ച് മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് അയയ്ക്കേണ്ട വിലാസം. ഗൂഗിൾ പേ വഴിയും പണമടയ്ക്കാം.
Circulation Manager, Kalakaumudi Gardens, Kumarapuram, Thiruvananthapuram 695011
Account No: 40001010001900, Syndicate bank, Thiruvananthapuram Main branch, IFSC: SYNB0004000

കലാകൗമുദി സ്പെഷ്യൽ ഓഫർ 2020
ഞാൻ കലാകൗമുദി സ്പെഷ്യൽ ഓഫർ 2020ൽ ചേരുവാൻ ആഗ്രഹിക്കുന്നു. ഈ പദ്ധതിപ്രകാരം ഒരു വർഷത്തേക്ക് തപാലിൽ കലാകൗമുദി വാരിക ലഭിക്കുന്നതിന് 800 രൂപ അയയ്ക്കുന്നു.
പേര്: ശ്രീ/ശ്രീമതി/മിസ്............ വയസ്............ പ്രസിദ്ധീകരണം ലഭിക്കേണ്ട
വിലാസം:............
............
............ പിൻകോഡ്............
ഫോൺ:............ ഇമെയിൽ:............
അയയ്ക്കുന്ന തുക:............ ചെക്ക്/ഡ്രാഫ്റ്റ് നമ്പർ/ ജി – പേ നമ്പർ/ :............
ബാങ്ക്:............ ശാഖ:............ തീയതി:............ ഒപ്പ്............

ഗൂഗിൾ പേ വഴി പണമടയ്ക്കാം
TO PAY WITH 7356550990
പണമടച്ചതിനു ശേഷം നിങ്ങളുടെ വിലാസം (പിൻകോഡ് ഉൾപ്പെടെ) താഴെക്കാണുന്ന നമ്പറിൽ അയക്കുക
9495549001
ഈ പദ്ധതിയെ സംബന്ധിച്ച തർക്കങ്ങൾക്ക് വ്യവഹാരങ്ങൾ സമർപ്പിക്കാൻ തിരുവനന്തപുരത്തെ കോടതികളെ മാത്രമേ സമീപിക്കാൻ പാടുള്ളൂ.
HELP DESK
7356222990, 9495549001
kalakaumudi@gmail.com

